ഉത്തരം

(എ) ഭരണിക്കാവ് ഗ്രാമ പഞ്ചായത്ത് ജൂനിയർ സൂപ്രണ്ട് ശ്രീ. കെ സുദർശനനെ പഞ്ചായത്ത് പ്രസിഡന്റ് അന്വേഷണ വിധേയമായി സസ്പെന്റ് ചെയ്തിരുന്നു.

(ബി) അന്വേഷണം നടത്തിയിരുന്നു. വ്യക്തമായ തെളിവുകൾ ഇല്ലായിരുന്നു.

(സി) ചെയ്തിരുന്നു.

(ഡി) യു.ഡി. ക്ലാർക്കുമാരുടെ നിയമന അധികാരി പഞ്ചായത്ത് ഡയറക്ടറാകയാൽ പഞ്ചായത്ത് ഡയറക്ടറുടെ വ്യക്തമായ അഭിപ്രായത്തോടുകൂടി ഇക്കാര്യം പരിശോധിച്ചുവന്നിരുന്നു.

(ഇ) പഞ്ചായത്ത് പ്രസിഡന്റ് സസ്പെന്റ് ചെയ്ത ജൂനിയർ സൂപ്രണ്ട് ശ്രീ. കെ. സുദർശനൻ ഹൈക്കോടതിയിൽ ഒ.പി. ഫയൽ ചെയ്യുകയും അതിൻമേലുള്ള വിധിന്യായത്തിൽ പരാതിക്കാരന്റെ അപേക്ഷ പരിശോധിച്ച് സർക്കാർ ഒരു മാസത്തിനുള്ളിൽ തീർപ്പുകൽപ്പിക്കാനും ഉത്തരവായതിന്റെ വെളിച്ചത്തിൽ സർക്കാർ ശ്രീ. കെ. സുദർശനനെ നേരിൽ കേട്ട് അപേക്ഷ പരിശോധിച്ച് അതേ പഞ്ചായത്തിൽതന്നെ ജോലിയിൽ പ്രവേശിപ്പിക്കാൻ നിർദ്ദേശം നൽകിയിരുന്നു.

(എഫ്)ഉണ്ടായി.

(ജി) സ്റ്റേ ഉത്തരവ് ലഭിക്കുന്നതിനുമുമ്പേ (16.12.99-ന്) ശ്രീ. കെ. സുദർശനൻ ജോലിയിൽ പ്രവേശിച്ചതിനാൽ സ്റ്റേ ഉത്തരവ് പ്രാബല്യത്തിൽ വരുത്താൻ സാധിച്ചില്ല.

(എച്ച്) സെക്രട്ടറിയെ മാറ്റണമെന്നു മാത്രമേ പഞ്ചായത്ത് കമ്മിറ്റിക്ക് ആവശ്യപ്പെടാൻ നിയമം അനുവദിക്കുന്നുള്ളൂ.

(ഐ) വിശദമായ പരിശോധനയിലൂടെ വേണ്ടിവന്നാൽ നടപടി സ്വീകരിക്കാറുണ്ട്.

(ജെ) വ്യക്തമായ തെളിവുകളുടെ അഭാവംമൂലം ഇത്തരം ആവശ്യം അംഗീകരിക്കാൻ സാഹചര്യമില്ല.

**145 (726) തിരുവന്തപുരം സിറ്റി കോർപ്പറേഷൻ നടപ്പിലാക്കേണ്ടതില്ലെന്ന് തീരുമാനിച്ച പദ്ധതികൾ**

ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം സിറ്റി കോർപ്പറേഷൻ ജനകീയാസൂത്രണ പദ്ധതിയിൽപ്പെടുത്തി നടപ്പാക്കുവാൻ തീരുമാനിച്ച ഏതെല്ലാം പരിപാടികൾ നടപ്പിലാക്കേണ്ടതില്ലെന്ന് തീരുമാനച്ചു;

(ബി) ഇപ്രകാരം തീരുമാനിക്കാനുള്ള കാരണങ്ങൾ എന്തെല്ലാമാണ്;

(സി) ഈ പദ്ധതികൾക്ക് ഒട്ടാകെ നീക്കിവച്ച തുക എത്രയായിരുന്നു;

(ഡി) ഈ പദ്ധതികളുടെ ഗുണഭോക്താക്കൾ എത്രപേർ വരുമെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) താഴെപ്പറയുന്ന പദ്ധതികളാണ് നടപ്പിലാക്കേണ്ടതില്ല എന്ന് തീരുമാനച്ചത്.

1. കാടകോഴി വളർത്തൽ.
2. മത്സ്യത്തൊഴിലാളി മേഖലയിൽ ബോധവൽക്കരണം.
3. ടീച്ചേഴ്സ് ബാങ്ക്.
4. ഹൈടെക് എഞ്ചിനീയറിംഗ് കോളേജ്.
5. ഡൊമിനിലിയറി പാലിയേറ്റീവ് കാൻസർ കെയർ പദ്ധതി.
6. സെന്റർ ഫോർ ഇന്റർ ഡിസിപ്ലിനറി മെഡിക്കൽ.
7. നഗരസന്ദർശകർക്ക് ശുദ്ധജലം ലഭ്യമാക്കൽ.
8. തെരുവ് വിളക്കുകൾ സ്ഥാപിക്കാൻ കോൺക്രീറ്റ് പോസ്റ്റുകൾ ലഭ്യമാക്കൽ

(ബി) അസംസ്കൃത സാധനങ്ങളുടെ ലഭ്യതക്കുറവ്, പദ്ധതി നടപ്പിലാക്കാനുള്ള പ്രായോഗിക ബുദ്ധിമുട്ട്, ജില്ലാ പ്ലാനിംഗ് എക്സ്പെർട്ട് കമ്മിറ്റിയുടെ അനുമതി ലഭിക്കായ്ക എന്നീ കാരണങ്ങളാലാണ് മേൽപ്പറഞ്ഞ പ്രോജക്ടുകൾ നടപ്പിലാക്കേണ്ടതില്ലെന്നു തീരുമാനിച്ചിട്ടുള്ളത്.

(സി) 21,37,000 രൂപ.

(ഡി) 1316 പേർ.

**146 (727) തിരുവനന്തപുരം നഗരസഭയുടെ പ്രവർത്തനം**

ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നഗരസഭയുടെ പ്രവർത്തനത്തിൽ ഗുരുതരമായ ധനാപഹരണം നടന്നിട്ടുള്ളതായി പെർഫോമൻസ് ഓഡിറ്റ് വിഭാഗം കണ്ടെത്തിയിരുന്നുവോ;

(ബി) ഇതുസംബന്ധിച്ചു നഗരസഭയുടെമേൽ നടപടി സ്വീകരിക്കുവാൻ ഓഡിറ്റ് വിഭാഗം ശുപാർശ ചെയ്തുവോ;

(സി) എങ്കിൽ ഇതിൻമേൽ എന്തു നടപടി എടുത്തു;

(ഡി) നഗരസഭയിലെ ഏത് ഉദ്യോഗസ്ഥനെ സസ്പെന്റ്ചെയ്ത് അന്വേഷണം നടത്തണമെന്നാണ് പെർഫോമൻസ് ഓഡിറ്റ് വിഭാഗം ശുപാർശ ചെയ്തിരുന്നത്;

(ഇ) ഈ ആവശ്യം നടപ്പാക്കിയോ; ഇല്ലെങ്കിൽ കാരണമെന്ത്?

ഉത്തരം

(എ) ഇല്ല. എന്നാൽ നിർവഹണ ഉദ്യോഗസ്ഥനായ ജില്ലാ മൃഗസംരക്ഷണ ഓഫീസർ, 1997-98-ൽ നടപ്പിലാക്കിയ രണ്ടു പദ്ധതികൾക്ക് അധികം തുക നൽകിയതായി കണ്ടെത്തിയിട്ടുണ്ട്.

(ബി) മേൽ പരാമർശിച്ച രണ്ടു ഇനങ്ങളിൽ നൽകിയ അധിക തുക ബന്ധപ്പെട്ടവരിൽനിന്ന് ഈടാക്കണമെന്ന് ആവശ്യപ്പെട്ടിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly